**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2394 — 14.06.2019-ലെ മറുപടിയ്ക്ക്

## പല്ലാരിമംഗലം പഞ്ചായത്തിലെ സ്റ്റേഡിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സ്പൈസൽ പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം പഞ്ചായത്തിൽ ഒരു കോടി രൂപ ചെലവിൽ സ്റ്റേഡിയം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | സ്പൈസൽ പദ്ധതി പ്രകാരം കോതമംഗലം പല്ലാരിമംഗലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് നിർദ്ദേശിച്ച ഭൂമിയുടെ ടോട്ടൽ സ്റ്റേഷൻ സർവ്വേ മാപ്പ് തയ്യാറാക്കിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം നിർദിഷ്ട പദ്ധതിക്ക് അനുയോജ്യമല്ല എന്ന് കണ്ടെത്തിയതിനാൽ നിലവിൽ സെവൻസ് ഫുട്ബോൾ ഗ്രൗണ്ടായി ഉപയോഗിച്ചു വരുന്ന മറ്റൊരു സ്ഥലം പരിഗണനയിലുണ്ട്. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് ഇതിന്റെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കാമോ; | (ബി) | മൺപ്രതലമായ ഫുട്ബോൾ ഫീൽഡ്, ഗാലറി എന്നീ നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | സ്റ്റേഡിയ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി നിശ്ചയിച്ചിട്ടുള്ളത് ആരെയാണെന്ന് വ്യക്തമാക്കാമോ; | (സി) | കായികയുവജനകാര്യാലയത്തിന് കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി | (ഡി) | ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | കഴിഞ്ഞിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | | |
| (ഇ) | സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (ഇ) & (എഫ്) | ഡി.പി.ആർ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (എഫ്) | പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം വേഗത്തിലാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**